(ബി) ഏത് വർഷം വരെയുള്ള ധനസഹായമാണ് അപേക്ഷകർക്ക് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) റവന്യൂ സ്റ്റാമ്പ് അപേക്ഷകർ ഒപ്പിട്ട് മേലാമിനൊപ്പം തിരിച്ചയച്ച് എത്ര ദിവസത്തിനുള്ളിൽ ഡി. എച്ച്. എസ്.ൽ നിന്നും ധനം അയച്ചു കൊടുക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ലഭിക്കുന്ന എം.എൽ.എ.മാരുടെ ശുപാർശകൾ സംബന്ധിച്ച വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ കാലയളവിൽ ആലപ്പുഴ ജില്ലയിൽനിന്നും 178 അപേക്ഷകർക്ക് 2000 രൂപ വീതം ആകെ 3,56,000 രൂപ (മൂന്ന് ലക്ഷത്തി അമ്പത്തി ആറായിരം) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) 1/2009 വരെയുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) അപേക്ഷകർ ഒപ്പിട്ട് തിരിച്ചയയ്ക്കുന്ന മേലാം ലഭിച്ച് ഒരു മാസത്തിനുള്ളിൽ ഡി.എച്ച്.എസ്-ൽ നിന്നും ധനം അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും മുഴുവൻ തുകയും വിതരണം ചെയ്തു കഴിഞ്ഞതിനാൽ 2009-ൽ അനുവദിച്ച 80 (എൺപത്) പേർക്ക് ധനസഹായം വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. 2010-11 സാമ്പത്തിക വർഷത്തിൽ ലഭിച്ച തുക ട്രഷറി അക്കൗണ്ടിലേയ്ക്ക് 19-7-10-ൽ മാത്രമാണ് വരിപ്പിച്ചത്. ആയതിനാൽ മേൽപ്പറഞ്ഞ 80 പേർക്കുള്ള തുക ഉടൻതന്നെ നൽകുന്നതാണ്.

സമയത്തിന് ചികിത്സ കിട്ടാത്തതിനാൽ രോഗി മരണപ്പെട്ടത് സംബന്ധിച്ച് ലഭിച്ച പരാതികൾ

32 (6184) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശുപത്രികളിൽ സമയത്തിന് ചികിത്സ കിട്ടാത്തതിനാൽ രോഗി മരണപ്പെട്ടത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത പരാതികളിൽ എത്രയെണ്ണത്തിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആശുപത്രി അധികൃതരുടെ അനാസ്ഥമൂലം യഥാസമയം ചികിത്സ കിട്ടാതെ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ശിശുരോഗ വാർഡും പ്രസവ വാർഡും ആരംഭിക്കുന്നതിന് നടപടി

33 (6185) ശ്രീ. വി. തിരുവോത്തമൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ശിശുരോഗ വാർഡും പ്രസവ വാർഡും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

പല സി.എച്ച്.സി. കളിലും നിലവിൽ പ്രസവ വാർഡുകളുണ്ട്. പി.എച്ച്.സി/ സി.എച്ച്.സി.കളിൽ കൂടുതൽ പ്രസവവാർഡും ശിശുരോഗ വാർഡും ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

34 (6186) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന ആയുർവേദമരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിലുള്ള സംവിധാനം വ്യക്തമാക്കുമോ ;

(ബി) ഗുണനിലവാരമില്ലെന്നുകണ്ട് വിൽപ്പന നിരോധിച്ച മരുന്നുകളുടെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ വിശദാംശം വ്യക്തമാക്കുമോ ;

(സി) പൊണ്ണത്തടി, രക്തത്തിലെ കൊഴുപ്പ്, പഞ്ചസാര എന്നിവ നിയന്ത്രിക്കുന്നതിന് ഹാനികരമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതും നിർമ്മാണത്തിനും വിൽപ്പനയ്ക്കും അനുമതി നൽകുകയും ചെയ്ത ആയുർവേദ മരുന്നുകളുടെ കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ആയുർവേദ സിദ്ധ യുനാനി വൈദ്യശാസ്ത്രങ്ങൾക്കുവേണ്ടി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരു ആയുർവേദ ഡ്രഗ്സ് കൺട്രോളറും ഒരു സീനിയർ ഡ്രഗ് ഇൻസ്പെക്ടറും

LIBRARY ARCHIVES Kerala Legislative Assembly